**മധുരമായ കുട്ടികളേ – നിങ്ങളുടെ മുഖം ഇപ്പോള്‍ സ്വര്‍ഗ്ഗത്തിന് നേര്‍ക്കാണ്, നിങ്ങള്‍ നരകത്തിന്റെ തീരം ഉപേക്ഷിച്ച് സ്വര്‍ഗത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു, അതിനാല്‍ ബുദ്ധിയോഗം നരകത്തില്‍ നിന്ന് വേര്‍പെടുത്തൂ.**

**ചോദ്യം:–** ഏറ്റവുംഉയര്‍ന്നതും, സൂക്ഷ്മവുമായ ലക്ഷ്യം ഏതാണ്, അത് മറി കടക്കാന്‍ ആര്‍ക്ക് സാധിക്കും?
**ഉത്തരം:–** നിങ്ങള്‍ കുട്ടികള്‍ സ്വര്‍ഗ്ഗത്തിന് നേര്‍ക്ക് മുഖം തിരിക്കുന്നു, മായ നിങ്ങളുടെ മുഖം നരകത്തിന് നേര്‍ക്ക് തിരിക്കുന്നു, അനേക കൊടുങ്കാറ്റുകള്‍ കൊണ്ടുവരുന്നു, ഈ കൊടുങ്കാററുകളെ മറികടക്കുക– ഇതാണ് സൂക്ഷ്മ ലക്ഷ്യം. ഈ ലക്ഷ്യത്തെ മറികടക്കുന്നതിന് വേണ്ടി നഷ്ടോമോഹയാകണം. നിശ്ചയത്തിന്റേയും, ധൈര്യത്തിന്റേയും ആധാരത്തില്‍ ഇതിനെ മറികടക്കാന്‍ സാധിക്കും. വികാരികളുടെ ഇടയില്‍ കഴിഞ്ഞുകൊണ്ടും നിര്‍വികാരി ഹംസമാകണം – ഇതാണ് പരിശ്രമം.

**ഗീതം:–** നിര്‍ബലനുമായി ബലവാന്റെ യുദ്ധം....

**ഓം ശാന്തി**. വിവേകശാലികളായ കുട്ടികള്‍ അര്‍ത്ഥം നല്ല രീതിയില്‍ മനസ്സിലാക്കുന്നു, ആരുടെ ബുദ്ധിയോഗമാണ് ശാന്തിധാമം, സ്വര്‍ഗത്തിലേക്കുള്ളത് അവര്‍ക്കാണ് കൊടുങ്കാറ്റേല്‍ക്കുന്നത്. ബാബ ഇപ്പോള്‍ നിങ്ങളുടെ മുഖം തിരിക്കുന്നു. അജ്ഞാനകാലത്തും പഴയ വീട്ടില്‍ നിന്ന് മുഖം മാറ്റി പുതിയ വീടിന്റെ ഓര്‍മ്മയില്‍ ഇരിക്കാറുണ്ട് – എപ്പോളിത് തയ്യാറാകും. ഇപ്പോള്‍ നിങ്ങള്‍ കുട്ടികളുടേയും ചിന്തയിലുണ്ട്, എപ്പോള്‍ നമ്മുടെ സ്വര്‍ഗത്തിന്റെ സ്ഥാപന നടക്കും, ശേഷം നമ്മള്‍ സുഖധാമത്തില്‍ വരും. ഈ ദു:ഖധാമില്‍ നിന്ന് എല്ലാവര്‍ക്കും പോകണം. മുഴുവന്‍ സൃഷ്ടിയിലേയും മനുഷ്യര്‍ക്ക് ബാബ മനസ്സിലാക്കി തരികയാണ് – കുട്ടികളേ ഇപ്പോള്‍ സ്വര്‍ഗ്ഗ വാതില്‍ തുറക്കുവാന്‍ പോകുന്നു. അതിനാല്‍ നിങ്ങളുടെ ബുദ്ധിയോഗം സ്വര്‍ഗ്ഗത്തിന്റെ വശത്തേക്ക് പോകണം. സ്വര്‍ഗ്ഗത്തിലേക്ക് പോകുന്നവരെ പവിത്രം, നരകത്തിലേക്ക് പോകുന്നവരെ അപവിത്രം എന്ന് പറയുന്നു. കുടുംബത്തില്‍ ഇരുന്നുകൊണ്ടും ബുദ്ധിയോഗം സ്വര്‍ഗത്തിന്റെ വശത്തേക്ക് വരണം. ചിന്തിക്കൂ, അച്ഛന്റെ ബുദ്ധിയോഗം സ്വര്‍ഗ്ഗത്തിന്റെ വശത്ത്, കുട്ടികളുടേത് നരകത്തിന്റെ വശത്ത് എങ്കില്‍ രണ്ടുപേര്‍ക്കും ഒരു വീട്ടില്‍ എങ്ങനെ കഴിയാന്‍ സാധിക്കും. ഹംസവും, കൊക്കും ഒരുമിച്ചിരിക്കില്ല. വളരെ ബുദ്ധിമുട്ടാണ്. കൊക്കിന്റെ ബുദ്ധിയോഗം അഞ്ച് വികാരത്തിന്റെ വശത്തേക്ക്, അവര്‍ നരകത്തിക്കേ് പോകുന്നവരാണ്. ഹംസം സ്വര്‍ഗത്തിലേക്ക് പോകുന്നവരാണ്, രണ്ടുപേര്‍ക്കും ഒരുമിച്ചിരിക്കാന്‍ കഴിയില്ല. ഉയര്‍ന്ന ലക്ഷ്യമാണ്. അച്ഛന്‍ അറിയുന്നു തന്റെ കുട്ടിയുടെ മുഖം നരകത്തിന്റെ വശത്തേക്കാണ്, നരകത്തിലേക്ക് പോകാതെ ഇരിക്കാന്‍ കഴിയില്ല, പിന്നീട് എന്തു ചെയ്യും. തീര്‍ച്ചയായും വീട്ടില്‍ ലഹളയുണ്ടാകും. പറയും എന്താ ഇതും ജ്ഞാനമാണോ. കുട്ടി വിവാഹം കഴിക്കാതിരിക്കുക!.... വളരെയധികം പേര്‍ കുടുംബത്തില്‍ കഴിയുന്നുണ്ടല്ലോ. കുട്ടികളുടെ മുഖം നരകത്തിന്റെ വശത്ത്, അവര്‍ നരകത്തില്‍ പോകാന്‍ ആഗ്രഹിക്കുന്നു. അച്ഛന്‍ പറയുന്നു നരകത്തിന്റെ വശത്തേക്ക് ബുദ്ധിയോഗം വയ്ക്കരുത്. എന്നാല്‍ അച്ഛന്‍ പറയുന്നതുപോലും അംഗീകരിക്കുന്നില്ല. പിന്നീട് എന്തുചെയ്യുവാന്‍ കഴിയും? ഇതില്‍ വളരെ നഷ്ടോമോഹ സ്ഥിതി ആവശ്യമാണ്. ഈ മുഴുവന്‍ ജ്ഞാനവും ആത്മാവില്‍ ഉണ്ട്. അച്ഛന്റെ ആത്മാവ് പറയുന്നു ഞാനാണ് ഇവരെ രചിച്ചത്, എന്നാല്‍ അച്ഛന്‍ പറയുന്നതും അനുസരിക്കുന്നില്ല. ചിലര്‍ ബ്രാഹ്മണരായി മാറുന്നു, എന്നിട്ടും ബുദ്ധി നരകത്തിന്റെ വശത്തേക്ക് പോകുന്നു. അവര്‍ പൂര്‍ണ്ണമായും നരകത്തിന്റെ അടിതട്ടിലേക്ക് പോകും.

കുട്ടികള്‍ക്ക് മനസ്സിലാക്കി തരുന്നു – ഇത് ജ്ഞാന സാഗരന്റെ ദര്‍ബാറാണ്. ഭക്തി മാര്‍ഗത്തില്‍ ഇന്ദ്രന്റെ ദര്‍ബാറെന്ന് മഹിമയുണ്ട്. പുഷ്യരാഗ പരി, ഇന്ദ്രനീല പരി, മാണിക്യ പരി, വളരെയധികം പേരുകള്‍ വച്ചിട്ടുണ്ട്, എന്തുകൊണ്ടന്നാല്‍ ജ്ഞാന ഡാന്‍സ് ചെയ്യുകയാണല്ലോ. ഏതെല്ലാം ദേവതമാരാണ്. ഇവിടെയും പവിത്രമായിരിക്കണം. ഒരുപക്ഷേ ഏതെങ്കിലും അപവിത്രമായവരെ കൊണ്ടുവരികയാണെങ്കില്‍ ശിക്ഷ അനുഭവിക്കേണ്ടി വരും. ഇതില്‍ വളരെയധികം പവിത്രത വേണം. ഈ ലക്ഷ്യം വളരെ ഉയര്‍ന്നതാണ്, അതിനാല്‍ വൃക്ഷം വളരെ പെട്ടന്ന് അഭിവൃദ്ധി പ്രാപിക്കില്ല. ബാബ ഏതൊരു ജ്ഞാനമണോ നല്‍കുന്നത് അത് ആരും അറിയുന്നില്ല. പുരാണങ്ങളിലും ഈ ജ്ഞാനമില്ല അതിനാല്‍ അല്പം നിശ്ചയമുണ്ടായാലും പിന്നീട് മായയുടെ ഒരു പ്രഹരത്തിലൂടെ വീണുപോകുന്നു. കൊടുങ്കാററാണല്ലോ. ചെറിയ ദീപത്തെ കൊടുങ്കാററ് ചെറിയ ഒരു അടിയിലൂടെ വീഴ്ത്തുന്നു. മററുള്ളവര്‍ വികാരത്തില്‍ വീഴുന്നത് കണ്ട് സ്വയവും വീണുപോകുന്നു. ഇത് മനസിലാക്കുന്നതിന് വിശാല ബുദ്ധി ആവശ്യമാണ്. പാടുന്നുമുണ്ട് അബലകളുടെ മേല്‍ അത്യാചാരം ഉണ്ടായി. ബാബ മനസിലാക്കി തരികയാണ് – കുട്ടികളേ, കാമ വികാരം മഹാ ശത്രുവാണ്,

ഇതിനോട് നിങ്ങൾക്ക് വെറുപ്പ് വരണം. ഇതിനോട് ഇപ്പോൾ ബാബ വളരെ വെറുപ്പ് പഠിപ്പിക്കുന്നു, മുൻപ് ഈ കാര്യമുണ്ടായിരുന്നില്ല. ഇപ്പോഴാണല്ലോ നരകം. ദ്രൗപതിയും നില വിളിച്ചു, അതും ഇപ്പോഴത്തെ കാര്യമാണ്. എത്ര നല്ല രീതിയിൽ മനസിലാക്കി തരുന്നു. എന്നിട്ടും ബുദ്ധിയുൽ ഇരിക്കുന്നില്ല.

ഈ ചക്രത്തിന്റെ ചിത്രം വളരെ നല്ലതാണ് – സ്വർഗത്തിലേക്കുള്ള കവാടം. ഈ ചക്രത്തിന്റെ ചിത്രത്തിലൂടെ നല്ല രീതിയിൽ മനസിലാക്കാൻ സാധിക്കും. ഇതിലൂടെ മനസിലാക്കുന്നത്രയും ഏണിപ്പടിയിലൂടെ മനസിലാക്കില്ല. ദിനം–പ്രതിദിനം തിരുത്തലുകൾ ഉണ്ടാകുന്നു. ബാബ പറയുന്നു ഇന്ന് നിങ്ങൾക്ക് പൂർണ്ണമായും പുതിയ നിർദ്ദേശം ലഭിക്കുന്നു. എല്ലാ നിർദ്ദേശങ്ങളും ആദ്യം തന്നെ നൽകില്ല. ഇത് എങ്ങനെയുള്ള ലോകമാണ്, ഇതിൽ എത്ര ദു:ഖമാണ്. കുട്ടികളോട് എത്രമാത്രം മോഹത്തിലാണിരിക്കുന്നത്. കുട്ടി മരിക്കുകയാണെങ്കിൽ പൂർണ്ണമായും വിഭ്രാന്തരായി മാറുന്നു, അളവററ ദു:ഖമാണ്. സമ്പന്നനാണ് അതിനാൽ സുഖമാണ്, അങ്ങനയല്ല. അനേക പ്രകാരത്തിലുള്ള അസുഖങ്ങൾ വരുന്നു. പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നു. പാവപ്പെട്ടവർക്ക് സാധാരണ വാർഡിൽ പോകേണ്ടി വരും, സമ്പന്നർക്ക് പ്രത്യേകം മുറി ലഭിക്കുന്നു. എന്നാൽ ദു:ഖം സമ്പന്നർക്കും, പാവപ്പെട്ടവർക്കും ഒരുപോലെയാണ്. കേവലം അവർക്ക് നല്ല മുറി ലഭിക്കുന്നു. നല്ല രീതിൽ പരിചരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട് ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ബാബ അനേക പ്രാവശ്യം പഠിപ്പിച്ചിട്ടുണ്ട്. സ്വയം തന്റെ ഹൃദയത്തോട് ചോദിക്കണം നമ്മൾ പഠിക്കുന്നുണ്ടോ അതോ ഇല്ലേ? എത്ര പേരെ പഠിപ്പിക്കുന്നുണ്ട്? പഠിപ്പിക്കുന്നില്ലെങ്കിൽ എന്ത് പദവി ലഭിക്കും? ദിവസവും രാത്രി തന്റെ ചാർട്ട് നോക്കൂ – ഇന്ന് ആർക്കും ദു:ഖം കൊടുത്തില്ലല്ലോ? ശ്രീമതം പറയുന്നു – ആർക്കും ദു:ഖം കൊടുക്കരുത്, എല്ലാവർക്കും വഴി പറഞ്ഞു കൊടുക്കൂ. ആരാണോ നമ്മുടെ വംശത്തിലുള്ളത് അവർക്ക് പെട്ടെന്ന് സ്പർശിക്കും. എന്നാൽ അമൃത് നിൽക്കുന്നതിന് സ്വർണ്ണ പാത്രം ആവശ്യമാണ്. ഏതുപോലെ പറയാറുണ്ടല്ലോ – സിംഹിണിയുടെ പാലിന് സ്വർണ്ണപാത്രം വേണം എന്തുകൊണ്ടെന്നാൽ അതിന്റെ പാൽ വളരെയധികം ശക്തിയുള്ളതാണ്. സിംഹത്തിനും മക്കളോട് വളരെയധികം മോഹമാണ്. ആരെയെങ്കിലും കണ്ടാൽ ഒറ്റയടിക്ക് കുതിച്ചു ചാടും. ചിന്തിക്കും കുട്ടികളെ ആരും കൊല്ലരുത്. ഇവിടേയും വളരെയധികം പേർക്ക് ഭർത്താവ്, മക്കൾ എല്ലാവരിലും മോഹമുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നു സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുകയാണ്. കൃഷ്ണന്റെ ചിത്രത്തിൽ വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. ഈ യുദ്ധത്തിന് ശേഷം സ്വർഗവാതിൽ തുറക്കുന്നു. അവിടെ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ബാക്കി എല്ലാവരും മുക്തിധാമത്തിലേക്ക് പോകും. ശിക്ഷകളും വളരെ അനുഭവിക്കേണ്ടി വരും. ഏതെല്ലാം പാപ കർമ്മം ചെയ്തുവോ, ഓരോരോ ജന്മത്തിന്റേയും സക്ഷാത്ക്കാരം കാണിക്കും, ശിക്ഷയും അനുഭവിക്കും. പിന്നീട് കാൽ–കാശിന്റെ പദവി മാത്രമായിരിക്കും ലഭിക്കുക. ഓർമ്മയിൽ ഇരിക്കാത്തതുകൊണ്ട് വികർമ്മവും വിനാശമാകുന്നില്ല.

ചില കുട്ടികൾ, അവർ മുരളിപോലും മിസ് ചെയ്യുന്നു, വളരെ കുട്ടികൾക്ക് ഇതിന്റെ ചിന്തപോലും ഇല്ല. ചിന്തിക്കുന്നു – നമ്മൾ പഠിച്ചില്ലെങ്കിൽ എന്ത് സംഭവിക്കാനാണ്! നമ്മൾ അക്കരെ എത്തി. മുരളിയുടെ ചിന്തപോലും ഇല്ല. ഇങ്ങനെയുള്ള ദേഹാഭിമാനികൾ ധാരാളമുണ്ട്, അവർ തന്റെ നഷ്ടമുണ്ടാക്കുന്നു. ബാബയും അറിയുന്നു അതിനാൽ ഇവിടെ വരുമ്പോൾ ചോദിക്കുന്നു വളരെ മുരളി പഠിച്ചിട്ടില്ല അല്ലേ. അതിൽ നല്ല പോയിന്റ്സ് ഉണ്ട് എന്നുള്ള കാര്യം അറിയുന്നില്ല. പോയിന്റ്സ് ദിവസവും വന്നുകൊണ്ടിരിക്കുന്നുണ്ടല്ലോ. ഇങ്ങനെയുള്ള ധാരാളം പേരും സെന്ററിൽ വരുന്നു. അൽപം പോലും ധാരണയില്ല, ജ്ഞാനവുമില്ല. ശ്രീമതത്തിലൂടെ നടന്നില്ലെങ്കിൽ പദവിയും ലഭിക്കില്ല. സത്യമായ ബാബ, സത്യമായ ടീച്ചറെ നിന്ദിക്കുന്നതിലൂടെ ഒരിക്കലും സത്ഗതി ലഭിക്കില്ല. എന്നാൽ എല്ലാവരും രാജാവാകില്ല. പ്രജയുമുണ്ടാകുന്നു. സംഖ്യാക്രമത്തിലുള്ള പദവിയല്ലേ. മുഴുവൻ ആധാരവും ഓർമ്മയിലാണ്, ഏതു ബാബയിലൂടെയാണോ വിശ്വത്തിന്റെ അധികാരം ലഭിക്കുന്നത് ആ ബാബയെ ഓർമ്മിക്കുന്നില്ല. ഭാഗ്യത്തിൽ ഇല്ലായെങ്കിൽ എന്തു പദവി ലഭിക്കും? ബാബ പറയുന്നു ഓർമ്മയുടെ യാത്രയിലൂടെ പാപം ഭസ്മമാകും, എങ്കിൽ പുരുഷാർത്ഥവും ചെയ്യേണ്ടേ. ബാബ നിങ്ങളോട് നിരാഹാരം കിടക്കൂ എന്ന് പറയുന്നില്ല. ഇത് ഹഠയോഗമല്ല. നടക്കുമ്പോഴും, ചുററിക്കറങ്ങുമ്പോഴും, എല്ലാ കർമ്മം ചെയ്യുമ്പോഴും ഏതുപോലെ പ്രിയതമ തന്റെ പ്രിയതമനെ ഓർമ്മിക്കുന്നോ, അതുപോലെ നിങ്ങളും ഓർമ്മിക്കൂ. അവരുടേത് നാമ–രൂപത്തിന്റെ സ്നേഹമാണ്. ഈ ലക്ഷ്മീ–നാരായണൻ എങ്ങനെ വിശ്വത്തിന്റെ അധികാരിയായി? ആർക്കും അറിയില്ല. നിങ്ങൾ പറയും ഇത് ഇന്നലത്തെ കാര്യമാണ്. ഇവർ രാജ്യം ഭരിച്ചിരുന്നു, എന്നാൽ മനുഷ്യർ ലക്ഷ കണക്കിന് വർഷം എന്ന് പറയുന്നു. മായ മനുഷ്യനെ പൂർണ്ണമായും കല്ലു ബുദ്ധികളാക്കി. ഇപ്പോൾ നിങ്ങൾ കല്ലു ബുദ്ധിയിൽ നിന്ന് പവിഴ ബുദ്ധികളാകുന്നു. പവിഴനാഥന്റെ ക്ഷേത്രവും ഉണ്ട്. എന്നാൽ അത് ആരാണ്, ഇത് ഒരാളും അറിയുന്നില്ല. മനുഷ്യർ പൂർണ്ണമായും ഘോര അന്ധകാരത്തിലാണ്. ഇപ്പോൾ ബാബ എത്ര നല്ല കാര്യങ്ങൾ മനസിലാക്കി തരുന്നു. പിന്നീട് എല്ലാം അവരവരുടെ ബുദ്ധിയിലാണ്. പഠിപ്പിക്കുന്നത്

ഒരാളാണ്, എന്നാൽ പഠിക്കുന്നവർ അനേകമുണ്ട്. ഓരോ തെരുവിലും നിങ്ങളുടെ സ്കൂൾ തുറക്കും. സ്വർഗത്തിലേക്കുള്ള വാതിൽ. നമ്മൾ നരകത്തിലാണ് എന്ന് മനസിലാക്കുന്ന ഒരു മനുഷ്യൻ പോലും ഇല്ല. ബാബ മനസ്സിലാക്കി തരുന്നു എല്ലാവരും പൂജാരിമാരാണ്. പൂജ്യർ സത്യയുഗത്തിലാണ്. കലിയുഗത്തിലുള്ളത് പൂജാരിമാർ. എന്നാൽ മനുഷ്യർ മനസ്സിലാക്കുന്നത് ഭഗവാൻ തന്നെയാണ് പൂജ്യനും, പൂജാരിയുമാകുന്നത് എന്നാണ്. താങ്കൾ ഭഗവാനാണ്, താങ്കൾ തന്നെയാണ് ഈ കളിയെല്ലാം കളിക്കുന്നത്. നിങ്ങളും ഭഗവാൻ, ഞാനും ഭഗവാൻ. ഒന്നും മനസ്സിലാക്കുന്നില്ല, ഇത് രാവണ രാജ്യമാണ്. നിങ്ങൾ എന്തായിരുന്നു, ഇപ്പോൾ എന്തായിരിക്കുന്നു. കുട്ടികൾക്ക് വളരെ ലഹരിയുണ്ടായിരിക്കണം. ബാബ കേവലം പറയുന്നു, ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പുണ്യ ആത്മാവാകും.

ബാബ കുട്ടികൾക്ക് പുണ്യ ആത്മാവാകാനുള്ള യുക്തി പറഞ്ഞു തരുന്നു – കുട്ടികളേ, ഇപ്പോൾ ഈ പഴയ ലോകത്തിന്റെ അവസാനമാണ്. ഇപ്പോൾ ബാബ നേരിട്ട് വന്നിരിക്കുന്നു, ഇത് അന്തിമ ദാനമാണ്, പൂർണ്ണമായും സമർപ്പണമാകൂ. ബാബ, ഇതെല്ലാം താങ്കളുടേതാണ്. ബാബ നൽകുന്നതിന് വേണ്ടിയാണ് ചെയ്യിപ്പിക്കുന്നത്. ഇവർക്ക് നല്ല ഭാവി ഉണ്ടാകണം. മനുഷ്യർ ഈശ്വരാർത്ഥം ദാന–പുണ്യങ്ങൾ ചെയ്യുന്നു, എന്നാൽ അത് നേരിട്ടല്ല. അതിന്റെ ഫലം അടുത്ത ജന്മം ലഭിക്കുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ ബാബ നേരിട്ടാണ്. ഇപ്പോൾ നിങ്ങൾ എന്തു ചെയ്യുന്നുവോ അതിന്റെ റിട്ടേൺ കോടി മടങ്ങ് ലഭിക്കും. സത്യയുഗത്തിൽ ദാന–പുണ്യത്തിന്റെ കാര്യമില്ല. ഇവിടെ ആരുടെയെങ്കിലും അടുത്ത് ധനം ഉണ്ടെങ്കിൽ ബാബ പറയും നല്ലത്, പോയി സെന്റർ തുറക്കൂ. പ്രദർശിനി ചെയ്യൂ. ഇനി പാവപ്പെട്ടവരാണെങ്കിൽ പറയും ശരി, തന്റെ വീട്ടിൽ കേവലം  സ്വർഗത്തിന്റെ കവാടം – എന്ന ബോർഡ്  വയ്ക്കൂ. സ്വർഗവും നരകവുമാണല്ലോ. ഇപ്പോൾ നമ്മൾ നരകവാസികളാണ്, ഇത് ആരും മനസ്സിലാക്കുന്നില്ല. സ്വർഗത്തിലേക്കാണ് പോയതെങ്കിൽ വീണ്ടും അവരെ എന്തിനാണ് നരകത്തിലേക്ക് വിളിക്കുന്നത്. സ്വർഗ്ഗത്തേക്ക് പോയെന്ന് സ്വർഗ്ഗത്തിൽ ഒരാളും പറയില്ല. അവർ സ്വർഗ്ഗത്തിൽ തന്നെയാണ്. പുനർജന്മവും സ്വർഗ്ഗത്തിൽ തന്നെയാണ് ലഭിക്കുന്നത്. ഇവിടെ പുനർജന്മവും നരകത്തിലാണ്. ഈ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കി കൊടുക്കൂ. ഭഗവനുവാച – ബാബയെ മാത്രം ഓർമ്മിക്കൂ, എന്തുകൊണ്ടെന്നാൽ ബാബ പതിത–പാവനനാണ്, ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പൂജാരിയിൽ നിന്നും പൂജ്യരാകും. സ്വർഗത്തിൽ എല്ലാവരും സുഖികളാണ്, എന്നാൽ സംഖ്യാക്രമത്തിലുള്ള പദവിയാണ്. വളരെ ഉയർന്ന ലക്ഷ്യമാണ്. കുമാരിമാർക്ക് വളരെ സേവനത്തിന്റെ ലഹരി ഉണ്ടായിരിക്കണം. നമ്മൾ ഭാരതത്തെ സ്വർഗമാക്കി കാണിക്കും. കുമാരിമാർ 21 തലമുറയെ ഉദ്ധരിക്കും, അർത്ഥം 21 – ജന്മം ഉദ്ധരിക്കും.   ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ഈ പഴയ ലോകത്തിന്റെ അന്തിമ സമയമാണ്, ബാബ നേരിട്ട് വന്നിരിക്കുന്നു അതിനാൽ പൂർണ്ണമായും സമർപ്പണമാകണം, ബാബാ ഇതെല്ലാം അങ്ങയുടേതാണ്.... ഈ യുക്തിയിലൂടെ പുണ്യ ആത്മാവാകണം.

2) മുരളി ഒരിക്കലും മിസ് ചെയ്യരുത്, മുരളിയെക്കുറിച്ച് ചിന്തയില്ലാത്തവരാകരുത്. നമ്മൾ പഠിച്ചില്ലായെങ്കിൽ എന്താണ്, അങ്ങനെയല്ല. നമ്മൾ അക്കരെ എത്തി, ഇല്ല. ഇത് ദേഹാഭിമാനമാണ്. മുരളി തീർച്ചയായും പഠിക്കണം.

## വരദാനം:– സ്വയത്തെമോൾഡ് ചെയ്ത് റിയൽ ഗോൾഡ്  ആയി ഓരോ കാര്യത്തിലും സഫലമാകുന്ന സ്വപരിവർത്തകരായി ഭവിക്കട്ടെ.

ആരാണോ ഏതൊരു സാഹചര്യത്തിലും സ്വയത്തിനെ പരിവർത്തനം ചെയ്ത് സ്വപരിവർത്തകരാകുന്നത് അവർ സദാ സഫലമാകും. അതിനാൽ സ്വ പരിവർത്തനത്തിനുള്ള  ലക്ഷ്യം വയ്ക്കണം. മറ്റുള്ളവർ മാറിയാൽ ഞാനും മാറാം  എന്നതല്ല. അവർ മാറിയാലും ഇല്ലെങ്കിലും എനിക്ക് മാറണം. എനിക്ക് ഹേ അർജ്ജുനൻ ആകണം. സദാ പരിവർത്തനം ചെയ്യുന്നതിൽ ആദ്യം ഞാൻ . ആരാണോ ഇതിൽ ആദ്യം ഞാൻ എന്ന് പറയുന്നത് അവരാണ് ഒന്നാമതെത്തുന്നത്. സ്വയത്തെ മോൾഡ് ചെയ്യുന്നവരാണ് റിയൽ ഗോൾഡ് ആകുന്നത്. റിയൽ ഗോൾഡിന് ആണ് മൂല്യമുള്ളത്.

**സ്ലോഗൻ: തന്റെ ശ്രേഷ്ഠ ജീവിതത്തിന്റെ പ്രത്യക്ഷ തെളിവിലൂടെ ബാബയെ പ്രത്യക്ഷ മാകൂ.**

**അവ്യക്ത സൂചന ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
ബാബയ്ക്ക് സമാനമാകണം അല്ലെങ്കിൽ ബാബയുടെ സമീപത്തെത്തണം എങ്കിൽ അപവിത്രത അഥവാ കാമമാകുന്ന മഹാ ശത്രു സ്വപ്നത്തിൽ പോലും യുദ്ധം ചെയ്യരുത്.സദാ സഹജമായി സ്വതവേ സഹോദരന്മാരാണ് എന്ന സ്മൃതിയുടെ സ്വരൂപം ആയിരിക്കണം. ആത്മാവിന്റെ ഗുണ സ്വരൂപത്തിന്റെയും ശക്തി സ്വരൂപത്തിന്റെയും യഥാർത്ഥ സ്ഥിതിയിൽ നിന്ന് താഴേക്ക് വരരുത്.